(ബി) & (സി) ഇക്കാര്യം റെയിൽവേ മന്ത്രാലയവുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പൊന്നുരുന്നി, എരൂർ മേൽപ്പാലങ്ങളുടെ നിർമ്മാണം

188 (6360) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ മുനിസിപ്പൽ പ്രദേശത്തെ എരൂരിലും കൊച്ചി നഗരസഭാ പ്രദേശമായ പൊന്നുരുന്നിയിലും റെയിൽവേ മേൽപ്പാലം നിർമ്മിക്കണമെന്ന ആവശ്യത്തിന്മേൽ എന്തുതീരുമാനമെടുത്തു എന്ന് വ്യക്തമാക്കുമോ ;

(ബി) പൊന്നുരുന്നിയിലും എരൂരിലും ഇതു സംബന്ധിച്ച ആവശ്യത്തിനായി സ്ഥലം ഏറ്റെടുക്കേണ്ടതുണ്ടോ ; എങ്കിൽ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; എത്ര സ്ഥലം ഇതിനായി വേണ്ടിവരും എന്ന് വ്യക്തമാക്കുമോ ;

(സി) ഈ രണ്ട് മേൽപ്പാലങ്ങളുടേയും എസ്റ്റിമേറ്റ് തുക കണക്കാക്കിയിരിക്കുന്നത് എത്ര തുക വീതമാണ് ; പ്രസ്തുത മേൽപ്പാലങ്ങളുടെ നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണ് ; ഇതിന് ഭരണാനുമതി നൽകുന്നതിന് എന്തെങ്കിലും വ്യവസ്ഥകൾ നിർദ്ദേശിച്ചിട്ടുണ്ടോ ; നിർമ്മാണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പാലങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതിന് റെയിൽവേയുടെ എന്തെങ്കിലും അനുമതി ലഭിക്കേണ്ടതുണ്ടോ :

(ഇ) പൊന്നുരുന്നി, എരൂർ മേൽപ്പാലങ്ങളുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) - (ഇ) എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ മുനിസിപ്പൽ പ്രദേശത്തെ എരൂരിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. ഇതിനാവശ്യമായ സ്ഥലം ഏറ്റെടുത്തു നൽകുന്നതിന് തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഇതിന് റെയിൽവേയുടെ അംഗീകാരം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പൊന്നുരുന്നി റെയിൽവേ മേൽപ്പാലത്തിന് റെയിൽവേ അംഗീകാരം നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പും പൂർത്തിയായി വരുന്നു. RBDCK-യെയാണ് നിർമ്മാണച്ചുമതല ഏൽപ്പിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

[29-7-2010-ലെ നക്ഷത്ര ചിഹ്നമിടാത്ത 6148, 6149, 6150, 6178, 6179, 6201, 6210, 6213, 6215, 6223, 6225, 6232, 6293, 6296, 6297, 6303, 6304, 6312, 6313, 6314,6318,6322,6323,6324,6325 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.]

II ചരമോപചാരം

ഭൈറോൺസിങ്ങ് ഷെഖാവത്ത്, എം. പി താമി, ബി. എം ഷെറീഫ് എന്നിവരുടെ നിര്യാണം.

മി. സ്പീക്കർ : മുൻ ഉപരാഷ്ട്രപതിയും ബി.ജെ.പി. നേതാവുമായിരുന്ന ഭൈറോൺ സിങ് ഷെഖാവത്ത്, മുൻ നിയമസഭാംഗവും കോൺഗ്രസ് നേതാവുമായിരുന്ന എം.പി. താമി, മുൻ നിയമസഭാംഗവും സി.പി.ഐ. സംസ്ഥാന കൺട്രോൾ കമ്മീഷൻ അംഗവും കൊല്ലം ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റുമായിരുന്ന ബി.എം. ഷെറീഫ് തുടങ്ങിയവർ അടുത്ത കാലത്ത് നിര്യാതരായി.

ഭൈറോൺ സിംഗ് ഷെഖാവത്ത്

മുൻ ഉപരാഷ്ട്രപതിയും ബി.ജെ.പി.യുടെ സമുന്നത നേതാവുമായിരുന്ന ഭൈറോൺ സിങ് ഷെഖാവത്ത് 15-5-2010-ന് അന്തരിച്ചു. രാജസ്ഥാനിലെ ശിക്കാർ ജില്ലയിൽ ദേവിസിംഗ് ഷെഖാവത്തിന്റെ മകനായി 1923 ഒക്ടോബർ 23-ന് ഒരു കർഷക കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. വിദ്യാഭ്യാസം പൂർത്തിയാകാതെ പോലീസിൽ ചേർന്ന അദ്ദേഹം 1952-ൽ ജോലി രാജിവയ്ക്കുകയും ജനസംഘത്തിന്റെ സ്ഥാനാർത്ഥിയായി രാജസ്ഥാൻ നിയമസഭയിലേയ്ക്ക് തുടർച്ചയായി മത്സരിക്കുകയും ചെയ്ത അദ്ദേഹം 1972-ൽ മാത്രമാണ് പരാജയപ്പെട്ടത്. 1974 മുതൽ 1977 വരെ രാജ്യസഭാംഗമായിരുന്നു. 1977 മുതൽ 1998 വരെ വ്യത്യസ്ത കാലയളവിലായി 10 വർഷക്കാലം മുഖ്യമന്ത്രിയായിരിക്കെ പാവപ്പെട്ടവർക്ക് ഭക്ഷ്യസഹായം നൽകുന്നതിനായി അദ്ദേഹം നടപ്പാക്കിയ അന്ത്യോദയ പദ്ധതി അന്താരാഷ്ട്ര ശ്രദ്ധനേടി. ദുരാചാരമായ സതിക്കെതിരെ കർശന നിലപാട് കൈക്കൊണ്ട അദ്ദേഹം സമൂഹത്തിന്റെ ഉന്നമനത്തിനായി അക്ഷീണം പ്രയത്നിച്ചു. 2002 ഓഗസ്റ്റ് 19-ന് ഉപരാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം കർഷകന്റെയും കർഷകത്തൊഴിലാളിയുടെയും പ്രശ്നങ്ങളെ നന്നായി അറിയുന്ന നേതാവായിരുന്നു.

കഠിനാദ്ധ്വാനത്തിന്റെയും ലാളിത്യത്തിന്റെയും പ്രതീകമായിരുന്ന ഒരു രാഷ്ട്രീയ നേതാവിനെയാണ് അദ്ദേഹത്തിന്റെ നിര്യാണംമൂലം രാജ്യത്തിന് നഷ്ടമായിരിക്കുന്നത്.

എം.പി. താമി

മുൻ നിയമസഭാംഗവും കോൺഗ്രസ് നേതാവുമായിരുന്ന എം.പി. താമി 2010 മെയ് 15-ന് അന്തരിച്ചു. എം.പി. കുഞ്ഞക്കന്റെയും കോച്ചിയുടെയും മകനായി 1938 ജൂലൈ ഒന്നിന് അദ്ദേഹം ജനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly